

എ.വൈ.ആർ

സൂറ-20

# ത്വാഹാ

ആയത്ത് 40 മുതൽ 42 വരെ

ഇസ്‌ലാമിക പ്രബോധനം പഠിപ്പും പരിശീലനവുമൊന്നുമില്ലാതെ അനായാസം ചെയ്യാവുന്ന കാര്യമല്ല. ഓരോ പ്രബോധകനും തന്റെ പ്രബോധിതരുടെ സാഹചര്യത്തിന് യോജിച്ചവിധമുള്ള പരിശീലനം നേടേണ്ടതുണ്ട്. ഇല്ലെങ്കിൽ പ്രതിലോമ ശക്തികൾക്കുമുന്നിൽ പിടിച്ചുനിൽക്കാനാവില്ല. ചിലപ്പോൾ വഴിതെറ്റിപ്പോവുകയും ചെയ്യും.

إِذْ تَمْشِىٓ أُخْتُكَ فَتَقُولُ هَلْ أَدُلُّكُمْ عَلَىٰ مَن يَكْفُلُهُۥ ۖ
فَرَجَعْنَـٰكَ إِلَىٰٓ أُمِّكَ كَىْ تَقَرَّ عَيْنُهَا وَلَا تَحْزَنَ ۚ وَقَتَلْتَ نَفْسًا
فَنَجَّيْنَـٰكَ مِنَ ٱلْغَمِّ وَفَتَنَّـٰكَ فُتُونًا ۚ فَلَبِثْتَ سِنِينَ فِىٓ أَهْلِ مَدْيَنَ ثُمَّ
جِئْتَ عَلَىٰ قَدَرٍ يَـٰمُوسَىٰ ﴿٤٠﴾

**40.** നിന്റെ സഹോദരി കരയിലൂടെ പേടകത്തോടൊപ്പം നടക്കുന്നുണ്ടായിരുന്നു. അങ്ങനെ നിന്നെ കണ്ടെടുത്തവരോട് അവൾ ചെന്നു പറയുന്നു: ഈ ശിശുവിനെ നന്നായി പോറ്റുന്ന ഒരാളെ ഞാൻ പറഞ്ഞു തരട്ടെയോ? ഈവിധം നാം നിന്നെ നിന്റെ മാതാവിങ്കൽ തിരിച്ചെത്തിച്ചു; അവൾ കൺകുളിർക്കാനും ദുഃഖിക്കാതിരിക്കാനും. നീ ഒരാളെ വധിച്ചതും ഓർക്കുക. അതിന്റെ ആധിയിൽ നിന്നു നാം നിന്നെ മോചിപ്പിച്ചു. അങ്ങനെ നാം നിന്നെ പല വിധത്തിൽ പരീക്ഷിച്ചു. വർഷങ്ങളോളം നീ മദ്‌യൻ വാസികളോടൊപ്പം വസിച്ചു. അല്ലയോ മൂസാ, അനന്തരം നിശ്ചിത സമയത്ത് നീ ഇവിടെ വന്നെത്തിയിരിക്കുകയാകുന്നു.

وَٱصْطَنَعْتُكَ لِنَفْسِى ﴿٤١﴾

**41.** എന്റെ ദൗത്യത്തിനുവേണ്ടി നിന്നെ സജ്ജനാക്കിയിരിക്കുകയാണ് ഞാൻ.

ٱذْهَبْ أَنتَ وَأَخُوكَ بِـَٔايَـٰتِى وَلَا تَنِيَا فِى ذِكْرِى ﴿٤٢﴾

**42.** ആകയാൽ നീയും സഹോദരനും എന്റെ ദൃഷ്ടാന്തങ്ങളുമായി പോവുക. എന്നെ സ്മരിക്കുന്നതിൽ ഒട്ടും വീഴ്ച വരുത്താതിരിക്കുക.

നിന്റെ സഹോദരി നടക്കുന്നത് (കരയിലൂടെ പേടകത്തോടൊപ്പം നടക്കുന്നുണ്ടായിരുന്നു) = إِذْ تَمْشِىٓ أُخْتُكَ
അപ്പോൾ അവൾ (നിന്നെ കണ്ടെടുത്തവരോട് ചെന്ന്) പറയുന്നു = فَتَقُولُ
ഞാൻ നിങ്ങളെ അറിയിക്കട്ടെയോ (പറഞ്ഞു തരട്ടെയോ) = هَلْ أَدُلُّكُمْ
അവന്റെ ചുമതലയേൽക്കുന്ന ആളെക്കുറിച്ച് (ഈ ശിശുവിനെ നന്നായി പോറ്റുന്ന ഒരാളെ) = عَلَىٰ مَن يَكْفُلُهُۥ
നിന്റെ മാതാവിങ്കലേക്ക് = إِلَىٰٓ أُمِّكَ അങ്ങനെ (ഈവിധം നാം നിന്നെ മടക്കി) തിരിച്ചെത്തിച്ചു = فَرَجَعْنَـٰكَ
അവൾ ദുഃഖിക്കാതിരിക്കാനും = وَلَا تَحْزَنَ അവളുടെ കൺകുളിർക്കാൻ = كَىْ تَقَرَّ عَيْنُهَا
അപ്പോൾ നാം നിന്നെ രക്ഷിച്ചു(മോചിപ്പിച്ചു) = فَنَجَّيْنَـٰكَ ഒരാളെ = نَفْسًا നീ വധിച്ചു(ച്ചതും ഓർക്കുക) = وَقَتَلْتَ
(അതിന്റെ) ആധിയിൽ നിന്നു = مِنَ ٱلْغَمِّ
അങ്ങനെ നീ വസിച്ചു = فَلَبِثْتَ നാം നിന്നെ പരീക്ഷണങ്ങൾ പരീക്ഷിച്ചു (പലവിധത്തിൽ പരീക്ഷിച്ചു) = وَفَتَنَّـٰكَ فُتُونًا

മദ്‌യൻകാരിൽ (മിദ്യാൻ വാസികളോടൊപ്പം) = فِيٓ أَهۡلِ مَدۡيَنَ വർഷങ്ങൾ(ളോളം) = سِنِينَ

വിധിയനുസരിച്ച് (നിശ്ചിത സമയത്ത്) = عَلَىٰ قَدَرٖ അനന്തരം നീ (ഇവിടെ) വന്നു(ന്നെത്തിയിരിക്കുകയാണ്) = ثُمَّ جِئۡتَ

ഞാൻ നിന്നെ നിർമിച്ചു, (വളർത്തിയെടുത്തു, സജ്ജനാക്കിയിരിക്കുകയാണ്) = وَٱصۡطَنَعۡتُكَ അല്ലയോ മൂസാ = يَٰمُوسَىٰ

നിന്റെ സഹോദരനും = وَأَخُوكَ നീ = أَنتَ പോവുക = ٱذۡهَبۡ എനിക്കുവേണ്ടിത്തന്നെ (എന്റെ ദൗത്യത്തിനുവേണ്ടി) = لِنَفۡسِي

നിങ്ങൾ രണ്ടുപേരും ദുർബലരാകരുത്(വീഴ്ച വരുത്താതിരിക്കുക) = وَلَا تَنِيَا എന്റെ ദൃഷ്ടാന്തങ്ങളുംകൊണ്ട് = بِـَٔايَٰتِي

എന്റെ സ്മരണയിൽ, എന്നെക്കുറിച്ചു സംസാരിക്കുന്നതിൽ (പ്രബോധനത്തിൽ) = فِي ذِكۡرِي

## 40

**മൂ**സായെ പെട്ടകത്തിലാക്കി നദിയിലൊഴുക്കിയ മാതാവ് അടങ്ങിയിരിക്കുകയായിരുന്നില്ല. മകന്റെ പരിണതിയോർത്ത് അവരുടെ മനസ്സ് പിടക്കുന്നുണ്ടായിരുന്നുവെന്നും അല്ലാഹു അവരുടെ മനസ്സിനെ ദൃഢീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ അവർ ബഹളം കൂട്ടുകയും ശിശുവിന്റെ രഹസ്യം പുറത്താവുകയും ചെയ്യുമായിരുന്നുവെന്നും അൽഖസ്വസ് 10-ാം സൂക്തം പറയുന്നുണ്ട്. അവർ മകളെ മൂസായുടെ പെട്ടകത്തിന് എന്തു സംഭവിക്കുന്നു എന്നു നോക്കിക്കൊണ്ട് കരയിലൂടെ പിന്തുടരാൻ പറഞ്ഞയച്ചു. ഈ സഹോദരിയുടെ പേര് മറിയം എന്നായിരുന്നുവെന്നും അവൾ ഒരു പ്രവാചകയായിരുന്നുവെന്നും ബൈബിൾ പറയുന്നു. മാതാവിന്റെ നിർദേശമനുസരിച്ച് മക്കൾ പെട്ടകത്തെ പിന്തുടർന്നു. സഹോദരനെ കൊട്ടാരവാസികൾ കണ്ടെടുത്തത് അവൾ കണ്ടു. കുട്ടിയെ അവരെന്ത് ചെയ്യുന്നുവെന്നും അവൾ നിരീക്ഷിച്ചു. അതെപ്പറ്റിയാണ് ഈ സൂക്തം പറയുന്നത്. കുട്ടിക്ക് മോശെ-മൂസാ എന്ന പേരിട്ടത് രാജ്ഞിയാണെന്ന് ബൈബിൾ പറയുന്നു. രാജ്ഞി ശിശുവിന് മുലയൂട്ടാൻ പറ്റിയ സ്ത്രീകളെ അന്വേഷിച്ചു. പല സ്ത്രീകളും വന്നുവെങ്കിലും കുട്ടി ആരുടെയും മുല കുടിക്കാൻ കൂട്ടാക്കുന്നില്ല. അൽഖസ്വസ് 12-ാം സൂക്തം ഇക്കാര്യം പറയുന്നുണ്ട്. ഒടുവിൽ മൂസായുടെ സഹോദരി അങ്ങോട്ടു കടന്നു ചെന്നു. 'ഈ കുട്ടിയെ നന്നായി പോറ്റി വളർത്താൻ പറ്റിയ ഒരാളെ എനിക്കറിയാം'-അവൾ പറഞ്ഞു. എങ്കിൽ പോയി കൂട്ടിക്കൊണ്ടുവരാൻ കൽപ്പനയുണ്ടായി. അവൾ പോയി സ്വന്തം മാതാവിനെത്തന്നെ കൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നു. മാതാവ് മുലകൊടുത്തപ്പോൾ ശിശു സന്തോഷത്തോടെയും ആവേശത്തോടെയും മുല കുടിച്ചു തുടങ്ങി. കുട്ടിയെക്കൊണ്ടുപോയി പാലൂട്ടി വളർത്തണമെന്നും അതിന് കൊട്ടാരത്തിൽ നിന്നു വേതനം ലഭിക്കുന്നതാണെന്നും രാജ്ഞി കൽപ്പിച്ചു. ഇങ്ങനെ മൂസാ സ്വന്തം മാതാവിന്റെ കൈകളിൽ തിരിച്ചെത്തി. ഇതൊന്നും യാദൃഛികമായിരുന്നില്ല. മൂസായുടെ മാതാവ് സംതൃപ്തയാകാനും ദുഃഖിക്കാതിരിക്കാനും അല്ലാഹു ആസൂത്രണം ചെയ്തു നടപ്പിലാക്കിയ പദ്ധതിയായിരുന്നു. قرة ന്റെ ക്രിയാരൂപമാണ് تقرّ. ഈ പദത്തിന്റെ മൂലം قَرّ ആവാം. قرار ഉം ആവാം. قَرّ കുളിരാണ്. സ്ഥിരതയും ശാന്തതയുമാണ് قرار . പ്രിയങ്കരമായ കാഴ്ചകൾ കാണുമ്പോഴുണ്ടാകുന്ന സന്തോഷമാണ് قرة العين. കണ്ണു കുളിരുന്ന/കുളിർപ്പിക്കുന്ന കാഴ്ച എന്ന് നമ്മുടെ ഭാഷയിലും പറയാറുണ്ടല്ലോ. രണ്ടാമത്തെ അർഥപ്രകാരം ആധിയും അസ്വസ്ഥതയും അടങ്ങുമ്പോഴുണ്ടാകുന്ന മനഃസംതൃപ്തിയും ശാന്തതയുമാണ് قُرَّةُ العين. അസ്വസ്ഥതയും ആധിയുമുണ്ടാകുമ്പോൾ മനസ്സും കണ്ണും പല ദിശകളിലേക്ക് പാഞ്ഞുകൊണ്ടിരിക്കും. സമാധാനവും സംതൃപ്തിയുമുണ്ടാകുമ്പോൾ അടങ്ങുകയും ചെയ്യും. സംതൃപ്തി, പ്രശാന്തി എന്ന് അർഥം കൽപ്പിക്കുന്നത്. ഈ സന്ദർഭത്തിൽ രണ്ട് ആശയവും സാധുവാകുന്നു. മുലകുടി പ്രായം പിന്നിട്ടപ്പോൾ മാതാവ് അദ്ദേഹത്തെ കൊട്ടാരത്തിൽ തന്നെ ഏൽപ്പിച്ചു.

وَقَتَلۡتَ نَفۡسٗا എന്നു തുടങ്ങുന്ന ഖണ്ഡം അല്ലാഹു മൂസാ നബിക്ക് ചെയ്തുകൊടുത്ത മറ്റൊരു അനുഗ്രഹം ഓർമിപ്പിക്കുകയാണ്. കൊട്ടാരത്തിൽ തിരിച്ചെത്തുമ്പോഴേക്കും മൂസാ തന്റെ സ്വത്വം തിരിച്ചറിഞ്ഞിരുന്നു. സ്വസമുദായത്തിന്റെ അധഃസ്ഥിതിയും ദീനാവസ്ഥയും കണ്ടുകൊണ്ടാണദ്ദേഹം വളർന്നത്. അവരുടെ വിമോചനത്തെക്കുറിച്ചു ചിന്തിക്കുകയും ചെയ്തിരുന്നു. നല്ലൊരു നേതാവിനെ കിട്ടിയാൽ ഇസ്റാഈല്യർ തങ്ങളെ അതിജയിച്ചുകളയുമെന്ന ഭയം ഖിബ്തികൾക്കുമുണ്ടായിരുന്നു. കൊട്ടാരത്തിൽ വളരുന്ന എബ്രായൻ അവരുടെ നേതൃത്വമേറ്റെടുത്തേക്കുമോ എന്ന് അവരാശങ്കിച്ചു. അതുകൊണ്ട് കൊട്ടാരത്തിന് വെളിയിൽ അധികം ഇറങ്ങാനും ഇസ്രാഈല്യരുമായി ഇടപഴകാനും അവരദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. രഹസ്യമായിട്ടാണദ്ദേഹം വെളിയിലിറങ്ങിയിരുന്നത്. അത്തരം ഒരു സഞ്ചാരത്തിനിടയിൽ, ഒരു ഇസ്റാഈല്യനെ മർദിക്കുന്ന ഖിബ്തിയെ കണ്ട് കോപാകുലനായി മൂസാ അയാൾക്ക് ശക്തമായി ഒരിടി കൊടുത്തു. ഉടനെ അയാൾ മരിച്ചുപോയി. ഈ കൊലക്കേസും തുടർന്ന് ഫറവോന്റെ ശിക്ഷ ഭയന്ന് ഈജിപ്തിൽനിന്ന് പലായനം ചെയ്തതുമൊക്കെ സൂറഃ *അൽഖസ്വസിൽ* വിശദമായി വരുന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിക്കുന്നത് കൊലപാതകം ചെയ്തതിനെത്തുടർന്നുണ്ടായ കടുത്ത ജീവഭയത്തിൽ നിന്നും ദുഃഖത്തിൽ നിന്നും മോചിപ്പിച്ച് അദ്ദേഹത്തെ മദ്‌യൻ ദേശത്ത് എത്തിച്ചതാണ്. മനഃപൂർവമല്ലെങ്കിലും ഒരു മനുഷ്യനെ വധിക്കുക എന്ന മഹാപാപം ചെയ്തു പോയല്ലോ എന്നതായിരുന്നു ദുഃഖം. ഒരു മുന്നൊരുക്കവുമില്ലാതെ അതീവ രഹസ്യമായിട്ടാണ് മൂസാ(അ) ഈജിപ്തിൽ നിന്ന് പലായനം

ചെയ്തത്. വാഹനമോ പാഥേയമോ ഇല്ലാതെ അപരിചിത ദേശത്തേക്കുള്ള ആ ദീർഘയാത്ര അതിക്ലേശകരമായിരുന്നു. മദ്‌യനിൽ അദ്ദേഹത്തിന് ശുഐബ് നബി അഭയം നൽകി. രാജകൊട്ടാരത്തിൽ വളർന്ന അദ്ദേഹത്തിന് ശുഐബ് നബിയുടെ വേലക്കാരനായി വസിക്കേണ്ടി വന്നു. ശുഐബിന്റെ മകളെ വിവാഹം ചെയ്തു. ഇതെല്ലാം അദ്ദേഹം നേരിട്ട പരീക്ഷണങ്ങളായിരുന്നു. ഈ പരീക്ഷണങ്ങളെല്ലാം തരണം ചെയ്ത ശേഷം, അല്ലയോ മൂസാ ഒടുവിലിതാ താങ്കൾ വിധിവിഹിതമായി ഇപ്പോൾ ഈ ത്വൂർ പർവതത്തിന്റെ താഴ്‌വരയിലെത്തിയിരിക്കുന്നുവെന്നുണർത്തുകയാണല്ലാഹു.

## 41

**ശൈ**ശവത്തിൽ ഫറവോന്റെ വധവിധിയിൽ നിന്ന് രക്ഷപ്പെട്ടതു മുതൽ, ഇപ്പോൾ ഈ താഴ്‌വരയിലെത്തിയതുവരെ താങ്കൾ നേരിട്ട സുഖദുഃഖങ്ങളൊന്നും യാദൃച്ഛികമായിരുന്നില്ല; മഹത്തായ ഒരു ദൗത്യത്തിനുവേണ്ടി താങ്കളെ വാർത്തെടുക്കുന്നതിന്റെ പ്രക്രിയകളായിരുന്നു അതെല്ലാമെന്ന് ഒരിക്കൽ കൂടി ഓർമിപ്പിക്കുകയാണീ വാക്യം. ഒരു ലക്ഷ്യത്തിനുവേണ്ടി പ്രത്യേകം പഠിപ്പിച്ചു പരിശീലിപ്പിച്ചെടുക്കുന്നതിനാണ് إصطناع എന്നു പറയുക. ഞാൻ എനിക്കുവേണ്ടി നിന്നെ വാർത്തെടുക്കുന്നു. وَٱصْطَنَعْتُكَ لِنَفْسِى-എന്നാൽ അല്ലാഹുവിന്റെ സത്താപരം-ذَاتي-ആയ ഏതെങ്കിലും ഗുണത്തിനുവേണ്ടി വാർത്തെടുത്തു എന്നല്ല ഉദ്ദേശ്യം. മറിച്ച് ഇസ്‌റാഈല്യർക്ക് മാതൃകായോഗ്യനായ ദൈവദൂതനെ പ്രദാനം ചെയ്യുക എന്ന അനുഗ്രഹത്തിന്‌വേണ്ടി എന്നാണ്. ഇസ്‌ലാമിക പ്രബോധനം പഠിപ്പും പരിശീലനവുമൊന്നുമില്ലാതെ അനായാസം ചെയ്യാവുന്ന കാര്യമല്ല. ഓരോ പ്രബോധകനും തന്റെ പ്രബോധിതരുടെ സാഹചര്യത്തിന് യോജിച്ചവിധമുള്ള പരിശീലനം നേടേണ്ടതുണ്ട്. ഇല്ലെങ്കിൽ പ്രതിലോമ ശക്തികൾക്കുമുന്നിൽ പിടിച്ചുനിൽക്കാനാവില്ല. ചിലപ്പോൾ വഴി തെറ്റിപ്പോവുകയും ചെയ്യും. സാധാരണ പ്രവാചകന്മാരെ അപേക്ഷിച്ച് കൂടുതൽ ദുർഘടവും രൗദ്രവുമായ സാഹചര്യമായിരുന്നു മൂസാനബിക്ക് നേരിടാനുണ്ടായിരുന്നത്. ഒരു വശത്ത് സ്വയം ദൈവമെന്നവകാശപ്പെടുന്നവനും തനിക്ക് വിധേയരാവാത്ത ആരെയും സഹിക്കാത്തവനും സർവാധിപതിയും പരമ ധിക്കാരിയുമായ ഫറവോനും അവന്റെ പ്രഭൃതികളും. മറുവശത്ത് ദീർഘകാലത്തെ അടിമത്ത ജീവിതം മൂലം ഉൽകർഷേഛ നശിച്ച് സകലവിധ സ്വഭാവദൂഷ്യങ്ങളും സംസ്കാരഹീനതയും സ്വായത്തമാക്കിയ സ്വന്തം ജനത. ഈ സാഹചര്യത്തെ നേരിടാൻ മൂസാ നബിയെ ക്ലിഷ്ടമായ പരീക്ഷണങ്ങളിലൂടെ പാകപ്പെടുത്തുകയായിരുന്നു അല്ലാഹു. ഇസ്‌ലാമിക പ്രബോധകൻ കേവലം ധർമോപദേശി മാത്രമായിരുന്നുവെങ്കിൽ ഇത്തരം പരിശീലനങ്ങൾ ആവശ്യമായിരുന്നില്ല. പ്രബോധകൻ സാമൂഹിക പ്രവർത്തകനും പരിഷ്കർത്താവും സമരനായകനും വിപ്ലവകാരിയുമൊക്കെയാണ്. അത്തരമൊരു വ്യക്തിത്വം തികഞ്ഞ പഠനത്തിലൂടെയും പരിശീലനത്തിലൂടെയും രൂപപ്പെടേണ്ടതാണ്. മൂസാ നബിയെ അല്ലാഹു ഉണർത്തുന്നതിതാണ്. ഇതുവരെ സംഭവിച്ചതെല്ലാം നാം താങ്കൾക്ക് നൽകിയ ട്രൈനിംഗാണ്. ഇപ്പോൾ നാം ഉദ്ദേശിച്ച ദൗത്യം താങ്കളെ ഏൽപ്പിക്കുകയാണ്. താങ്കൾ ആ ഉത്തരവാദിത്വം ഏറ്റെടുത്ത് എന്നിൽ വിശ്വാസമർപ്പിച്ചുകൊണ്ട് അതു നിർവഹിക്കാൻ മുന്നോട്ടുവരിക.

## 42

**24**-ാം സൂക്തത്തിൽ നൽകിയ കൽപന ആവർത്തിച്ചിരിക്കുകയാണിവിടെ. മുൻസൂക്തങ്ങളിൽ, മൂസാ നബി ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിച്ചതായി അറിയിച്ചുകൊണ്ട്, ശൈശവം മുതലേ അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചുകൊണ്ടിരുന്നുവെന്നും, അതുവഴി മഹത്തായ ഒരു ദൗത്യത്തിനുവേണ്ടി അദ്ദേഹത്തെ സജ്ജമാക്കുകയായിരുന്നുവെന്നും ഉണർത്തിയശേഷം, ഏതൊരു ദൗത്യത്തിനുവേണ്ടിയാണോ അദ്ദേഹത്തെ അല്ലാഹു സവിശേഷം വളർത്തിയെടുത്തത്, ആ ദൗത്യം ഏറ്റെടുത്തു നിർവഹിച്ചു തുടങ്ങേണ്ട സമയം ഇതാ ആസന്നമായിരിക്കുന്നുവെന്നറിയിക്കുകയാണ്. സഹോദരനെയും കൂട്ടി ദൈവിക ദൃഷ്ടാന്തങ്ങളുമായി പ്രബോധന രംഗത്തേക്കിറങ്ങണം. രണ്ടുപേരും അല്ലാഹുവിനെ സ്മരിക്കുന്നതിൽ വീഴ്ച വരുത്തരുത്. ഇവിടെ പറയുന്ന ദിക്റ് 14-ാം സൂക്തത്തിലും 34-ാം സൂക്തത്തിലും പറഞ്ഞ ദിക്റാണ്. അതായത് സ്വകാര്യമായി അല്ലാഹുവിനെ ഓർക്കുകയും ഭജിക്കുകയും (ഇബാദത്ത്), പരസ്യമായി അവന്റെ മഹത്വവും വിധിവിലക്കുകളും പ്രബോധനം ചെയ്യുകയും (ദഅ്‌വത്ത്). പ്രവാചകന്റെ എല്ലാ നടപടികളും ദിക്റുല്ലാഹ്-ദൈവസ്മരണയാണ്. പ്രവാചകൻ നമസ്കരിക്കുമ്പോൾ യഥാർഥത്തിൽ ദിക്റുല്ലാഹിയിൽ ഏർപ്പെട്ട് അതുവഴി മനസ്സ് വിമലമാകുന്നു. അപ്പോൾ മനസ്സിൽ ജ്ഞാനപ്രകാശം വർധിച്ചുകൊണ്ടിരിക്കും. ജനങ്ങളിൽ ദൈവിക സന്ദേശം ബോധനം ചെയ്യുന്നതിന് കൂടുതൽ മനശ്ശക്തിയും ധൈര്യവും ലഭിക്കും.

സത്യപ്രബോധനത്തിന്റെ മൗലിക പ്രചോദനം ദൈവവിചാരമാണ്. ദൈവസ്മരണ ശക്തിപ്പെടുന്തോറും പ്രബോധനം കൂടുതൽ കൂടുതൽ നിഷ്കളങ്കവും സുവ്യക്തവുമാകുന്നു. ഈ പ്രചോദന സ്രോതസ്സ് ക്ഷയിക്കുമ്പോൾ പ്രബോധനം നിർജീവമായിത്തീരുന്നു. ദൈവസ്മരണയാകുന്ന ഉറവിടവുമായി ബന്ധമില്ലാതാകുമ്പോൾ പ്രബോധനം ദൈവത്തിന്റെ പേരിലാണെങ്കിലും പൈശാചികമായി മാറുന്നു. وَنَى എന്ന ക്രിയയുടെ ഭാവികാല രൂപമാണ് تنيا. ദുർബലമാവുക, ക്ഷയിക്കുക എന്നാണ് ഭാഷാർഥം. എന്റെ സ്മരണയിൽ ക്ഷയിക്കുക എന്നാൽ സ്വകാര്യമായ ദൈവസ്മരണയിൽ-ഇബാദത്തിൽ-കുറവു വരുത്തുകയും പരസ്യമായ ദൈവസ്മരണയിൽ-പ്രബോധനത്തിൽ-ഉത്സാഹമില്ലാതാവുകയുമാണ്. ■